**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1229** **18-01-2021 - ൽ മറുപടിയ്ക്ക്**

**കെ-റെയിൽ പ്രോജക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. വി .ഡി. സതീശൻ,<br>ശ്രീ. ടി. ജെ. വിനോദ് | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന കെ-റെയിൽ പ്രോജക്ടിന് നിലവിൽ എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; ഇത് എപ്രകാരം കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ; | (എ) | 63,941 കോടി രൂപയുടെ ചിലവ് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുക്കുന്നതിന് 13362.32 കോടി രൂപ ആവശ്യമായി വരും. ഒരു ഹെക്ടറിനു ഏകദേശം 9 കോടി രൂപ നഷ്ടപരിഹാരമായി കണക്കാക്കിയരിക്കുന്നു. പ്രസ്തുത തുക സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള (സ്വദേശി/വിദേശി) വായ്പയായോ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഈ പദ്ധതി നടപ്പിലാക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിയ്ക്കാണ്. |
| (സി) | കേന്ദ്ര റെയിൽ മന്ത്രാലയം സ്റ്റാൻഡ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോർ ആയിട്ടാണോ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയത്; അപ്രകാരമാണോ പദ്ധതി നിലവിൽ നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (സി) | സ്റ്റാൻഡ് എലോൺ എലിവേറ്റഡ് റെയിൽ കോറിഡോറായി നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചത്. ഇതിന്റെ ഭാഗമായി കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ആകെയുള്ള 529.45 കി.മി. പാതയുടെ 88.41 കി.മി തൂണുകളിൽക്കൂടെയും (16.61%) 11.53 കി.മി (2.17%) തുരങ്കത്തിലൂടെയും 24.789 കി.മി (4.66%) കട്ട് & കവറിലൂടെയും, 12.99 കി.മി (2.44%) പാലത്തിലൂടെയും ആണ് വിഭാവനം ചെയ്തിട്ടുള്ളത്. അതുകൂടാതെ പാതയുടെ വശത്ത് സർവ്വീസ് റോഡും ഓരോ 500 മീറ്റർ ഇടവേളയിൽ അടിപ്പാത/മേൽപ്പാതയും വിഭാവനം ചെയ്തിട്ടുണ്ട്. |
| (ഡി) | റെയിൽവേ ആക്ട് സെക്ഷൻ 21 അനുസരിച്ച് റെയിൽവേ പോലെ മറ്റൊരു പൊതുഗതാഗത സംവിധാനം ആരംഭിക്കുന്നതിന് കേന്ദ്ര | (ഡി) | കെ-റെയിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിൻറേയും കേരള സർക്കാരിൻറേയും അംഗീകാരം ഒരു പോലെ ആവശ്യമാണ്. ഈ |

| | | | |
|---|---|---|---|
| | സർക്കാരിന്റെ അനുമതി വാങ്ങേണ്ടതുണ്ടോ; ഈ പദ്ധതിക്ക് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | | പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ തത്വത്തിലുള്ള അംഗീകാരം (in-principle) ലഭ്യമായിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും എത്ര ഹെക്ടർ നെൽവയൽ നികത്തണമെന്നും അറിയിക്കുമോ? | (ഇ) | റെയിൽ പദ്ധതികൾക്ക് പരിസ്ഥിതി ആഘാത പഠനം നിയമപരമായി ആവശ്യമില്ല എങ്കിലും വിശദ പദ്ധതി റിപ്പോർട്ടിന്റെ ഭാഗമായി പരിസ്ഥിതി ആഘാതാത പഠനം സെന്റർ ഫോർ എൻവിറോൺമെന്റ് ആന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം എന്ന സ്ഥാപനം വഴിനടത്തുകയുണ്ടായി. നിർദ്ദിഷ്ട പാത കടന്നുപോകുന്ന 11 ജില്ലകളിലെ ആരാധനാലയങ്ങളും പാടങ്ങളും കാവുകളും ബാധിക്കപ്പെടാത്ത രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വീട്ടുകൾ ഉൾപ്പെടെ 9314 കെട്ടിടങ്ങളെ മാത്രമാണ് ബാധിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കണമെന്നും എത്ര ഹെക്ടർ നെൽവയൽ നികത്തണമെന്നുമുള്ള കൃത്യമായ കണക്ക് ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ